പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3040

22.02.2016-ൽ മറുപടിക്ക്

# പദ്ധതിപ്പണം കൈമാറുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) ധനകാര്യ കമ്മിഷൻ പദ്ധതിപ്പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുന്നോട്ട് വച്ച മാനദണ്ഡം എന്തായിരുന്നു; | എ) കേന്ദ്ര ധനകാര്യ കമ്മിഷൻ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ള ബേസിക് ഗ്രാന്റ് 4-ാം സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്തുവരുന്നത്. എന്നാൽ പെർഫോർമൻസ് ഗ്രാന്റ് കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശചെയ്തിട്ടുള്ള താഴെപ്പറയുന്ന രണ്ട് വ്യവസ്ഥകളോട്ടുകൂടി ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നു.<br>(1) പണം വിതരണം ചെയ്യുന്ന വർഷത്തിനു മുൻപുള്ള രണ്ടു വർഷത്തിനകമുള്ള ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കിയിരിക്കണം.<br>(2) തനതു വരുമാനം മുൻവർഷത്തെക്കാൾ കൂടുതൽ ആയിരിക്കണം. മുനിസിപ്പാലിറ്റികൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടാതെ സർവീസ് ലെവലിന്റെ ബഞ്ച് മാർക്ക് നിശ്ചയിച്ച് പ്രസിദ്ധീകരിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. |
| ബി) ഇതിന് അനുസൃതമായിട്ടാണോ ഫണ്ട് കൈമാറ്റം നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ? | ബി) ഇതിന് അനുസൃതമായിട്ടാണ് ബേസിക് ഗ്രാന്റ് കൈമാറ്റം നടത്തിയിട്ടുള്ളത്. എന്നാൽ പെർഫോർമൻസ് ഗ്രാന്റ് കൈമാറ്റം ചെയ്യേണ്ടത് 2016-17 സാമ്പത്തിക വർഷം മുതലാണ്. |

Riya

**സെക്ഷൻ ഓഫീസർ**